entering a 'Khadar Shop'. I regret that I cannot permit this to be moved consistently with public interests.

Voting of Demands for Grants

16. General Administration Rs. 3,93,371

Mr. B. V. K. Menon *(Secretary to Government):* I rise to move for a grant of Rs. 3,93,371 under 16—General Administration. I don't want to take up the time of the House by making a speech on this grant. As far as I can see there is nothing spectacular under this head. If there is anything to be answered, that will be answered in the course of the debate on the cut motions. I request the House will be pleased to allow this demand.

Mr. K. K. Kannan *(Nominated):* I don't move the motion.

Mr. A. Eachara Menon *(Chittur-Thattamangalam):* Since the Hon'ble Minister had said that drinking water will be supplied to the coastal regions I don't press my motion.

Mr. K. K. Kannan *(Nominated):* I don't move this motion also.

CUT MOTION No. 1

Standardisation of salary of clerks of all departments

***Mr. K. S. Panicker** *(Ezhuvas-Trichur):* To reduce the allotment of Rs. 71,390 for (1) Huzur Secretariat Establishment in Demand No. 16 by Re. 1".

To impress upon the Government the necessity of standardising the salary of clerks of all departments.

സർ, ഈ ഖണ്ഡനോപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു കൊച്ചി ഗവ മ്മെണ്ടുസെക്രട്ടീസിൽ അനവധി ഗുമസ്ഥന്മാരുണ്ടു്. അവരെ ഓരോ ആഫീസ്സുകളിൽ ഓരോ വിധത്തിലുള്ള നിയമനങ്ങൾ നടത്തുന്നതിലുള്ള അനൌചിത്യം ഗവമ്മെണ്ടിനെ മനസ്സിലാക്കി, തൽപരിഹാരാർത്ഥം എല്ലാവരേയും ഒരേതരത്തിൽ ആക്കിത്തീർക്കുന്നതിനു പരിശ്രമിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ലോകത്തിൽ എല്ലാ സ്ഥലത്തും സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും വേണമെന്നുള്ള മുറവിളി നടക്കുന്നുണ്ടു്. അങ്ങിനെയിരിക്കെ നമ്മുടെ ഗവമ്മെണ്ടു സർവ്വീസ്സിൽ ഓരോ പരീക്ഷായോഗ്യതയുള്ളവരെ ഓരോ വകുപ്പിൽ അവരുടെ ദോഷംകൊണ്ടല്ല ഗവമ്മെണ്ടു നിയമിക്കുന്നതിന്റെ ദോഷംകൊണ്ടു് അസമത്വം അനുഭവിക്കുവാൻ ഇടവരുന്നതു വലിയ കഷ്ടമാണു്. ഒരു അച്ഛന്റെ മക്കളിൽ ചിലർ അച്ഛന്റെ സ്വത്തുകൊണ്ടു സുഖലോലുപന്മാരായി കഴിയുക, മറ്റു ചിലർ ദുരിതം അനുഭവിക്കുക, ഇതു ലോകത്തിൽ സമാധാനം നിലനിർത്തുന്ന ഒരു ഏർപ്പാടല്ല. ഗവമ്മെണ്ടു ചില ആഫീസ്സുകളിലെ ഗുമസ്ഥന്മാർക്കു കായ്ക്ഷമത കൂടുവാണെന്നൊക്കെ പറയുന്നുണ്ടെങ്കിൽ അതിനു"ഇടവരുത്തുന്നതുതന്നെ, അവരുടെ പ്രയത്നത്തിനനുസരിച്ചു"അവരുടെ വയർനിറക്കുന്നതിനുള്ള വക കൊടുക്കുന്നില്ലാത്ത ഒരു കാരണമാണെന്നാണു"ഞാനുദ്ദേശിക്കുന്നതു്. ചില ആഫീസ്സുകളിലെ ഗുമസ്ഥന്മാരെ നിയമിക്കുമ്പോൾ ൨൪ മുതൽ ൧൦൦ രൂപവരെയുള്ള ഗ്രേഡിൽ നിയമിക്കുന്നുണ്ടു്. ചില ആഫീസ്സുകളിൽ ൨൪ മുതൽ ൩൦ വരെ, മറ്റു ചില ആഫീസുകളിൽ ൨൪മുതൽ ൪൦ വരെ, ഇവക്കെല്ലാപേക്ഷം ഒരേപരീക്ഷായോഗ്യത മാത്രം മതിതാനും. സ്റ്റാഫ്സെലക്ഷൻ ബോർഡിലേക്കു് അപേക്ഷ അയക്കുമ്പോൾ "എനിക്കു് ഇന്ന ഉദ്യോഗം തരണം" എന്നു് അവർ പറയുന്നില്ല. "എനിക്കു് അർഹതയുള്ള ഒരു ഉദ്യോഗം തരണ"മെന്നാണു് അവർ പ്രധാനമായി കാണിക്കുന്നതു്. അതിൽ ഭാഗ്യവാന്മാർക്കു ൨൪ മുതൽ ൧൫൦ വരെ ഗ്രേഡുള്ള ആഫീസ്സിൽ ഉദ്യോഗം കിട്ടുന്നു. നിർഭാഗ്യവാന്മാർക്കു താഴ്ന്ന ഗ്രേഡുള്ള മറ്റു ചില ആഫീസുകളിലും കിട്ടുന്നു. സാധാരണ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെ ദ്വിജന്മാർ എന്നാണു് ഞാൻ വിളിക്കാറു്. അതായതു വിവാഹത്തിന്റേതു് ഒരു ജാതകം, ഗവമ്മെണ്ടുദ്യോഗത്തിനു മറ്റൊരു ജാതകം. അങ്ങിനെ രണ്ടു ജാതകമുള്ള അവരെ ഞാൻ "ദ്വിജന്മാർ" എന്നാണു് സാധാരണ സംബോധന ചെയ്യാറു്. ഏതായാലും ഗവമ്മെണ്ടിന്റെ കണക്കുപ്രകാരം ൫൫ വയസ്സു് തികഞ്ഞു പെൻഷൻ പറ്റുന്ന അവസരം വരുമ്പോൾ ൨൫— ൪൦ ഗ്രേഡുകാരനു ൪൦ ഗ്രേഡിൽ പെൻഷൻ പറ്റേണ്ടിവരുന്നു. ൨൫ — ൧൦൦ ഗ്രേഡുകാരൻ ൧൦൦ രൂപയിലും പെൻഷൻ പറ്റുന്നു ഇങ്ങിനെയുള്ള വ്യത്യാസംക്രടാതെ എല്ലാപേക്ഷം ഒരേരീതിയിൽ ജീവിക്കുന്നതിനു തക്കവണ്ണമുള്ള സൌകര്യങ്ങൾ ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഇതിവിടെ അവതരിപ്പിക്കുന്നതു്. "ചില ഡിപ്പാർട്ട്മെണ്ടിൽ സാങ്കേതികപരിജ്ഞാനം ആവശ്യമാണു്, അതുകൊണ്ടു് അവക്കു കൂടുതൽ കൊടുക്കുന്നുണ്ടു്. അതിനെക്കുറിച്ചു മറ്റു മുള്ളവക്കു പറയാൻ അവകാശമില്ല" എന്നു ചില സാങ്കേതികമായ തടസ്സങ്ങൾ എടുത്തുകാണിച്ചു വെറും മുടന്തൻന്യായങ്ങൾകൊണ്ടു് എതിർക്കുന്നതെന്നു് ആദ്യമേതന്നെ ഗവമ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു. സാധാരണ ഒന്നും പറയാനില്ലാത്ത അവസരങ്ങളിൽ ഗവമ്മെണ്ടിൽ നിന്നു് ഇങ്ങിനെ ചില ന്യായങ്ങൾ ഒക്കെ പറയാവുണ്ടു്. എന്നാൽ സാങ്കേതികജ്ഞാനം എന്നു പറയുന്നതു് ഓരോ ഡിപ്പാർട്ട്മെണ്ടിലും ഓരോതരം സാങ്കേതികജ്ഞാനം ആവശ്യമുണ്ടു് എന്നാണു് ഞാൻ പറയുന്നതു്. ഒരു കൃഷിഡിപ്പാർട്ട്മെണ്ടിലെ ഗുമസ്ഥനെ ഒരു പഞ്ചായത്തു ഡിപ്പാർട്ട്മെണ്ടിലേക്കു മാറ്റിയാൽ, അല്ലെങ്കിൽ കൺട്രോൾആഫീസ്സിലെ ഗുമസ്ഥനെ വിദ്യാഭ്യാസഡിപ്പാർട്ട്മെണ്ടിലേക്കു മാറ്റിയാൽ അവക്കു് ആ പുതിയ ആഫീസുകളിലെ ജോലി ചെയ്യാൻ സാദ്ധ്യമാകയില്ല. അതു് അവർ ക്രമേണ മനസ്സിലാക്കേണ്ട ജ്ഞാനമാണു്. എല്ലാ ഡിപ്പാർട്ട്മെണ്ടിലും അത്രമാത്രമേ സാദ്ധ്യമാകയുള്ളൂ. പിന്നെ ടെസ്റ്റു പാസ്സാകുക എന്നുള്ളതു ഹജൂരിലുള്ളവരായാലും മറ്റേതു ഡിപ്പാർട്ട്മെണ്ടിലുള്ളവരായാലും അതാതു ഡിപ്പാർട്ട്മെണ്ടിലെ ടെസ്റ്റു പാസ്സാകാതെ പ്രമോഷൻ കിട്ടുകയില്ലെന്നുള്ളതുകൊണ്ടു പാസ്സായികൊള്ളും. എല്ലാപേരും കഴിയുന്നത്ര അതിനായി ശ്രമിക്കുന്നുമുണ്ടു്. ഓരോ ഡിപ്പാർട്ട്മെണ്ടിലും ജോലി ചെയ്യാനാവശ്യമായ ജ്ഞാനം വേറെ എങ്ങുനിന്നും കിട്ടുന്നതല്ല. അതു് അതാതു ഡിപ്പാർട്ട്മെണ്ടിൽനിന്നുതന്നെ കിട്ടുന്നതാണു്. അപ്പോൾ ഗവമ്മെണ്ടു പറയാവുള്ള മുടന്തൻ ന്യായത്തിന്നു് എനിക്കു പറയുവാനുള്ള മറുപടി ഇതാണു്. പിന്നെ ഇപ്പോൾ പണം ധാരാളമുള്ള കാലമാണു്. പഴയ പല്ലവി ആയ "ഫണ്ടില്ലാവാദം" ഇപ്പോൾ കൊണ്ടുവരാൻ നിവൃത്തിയില്ല, എന്നല്ല ഗവമ്മെണ്ടിന്റെ ബുദ്ധി സദുദ്ദേശത്തോടുകൂടിയതുമാണു്.

എന്നാൽ സ്പെഷ്യൽ ഫിനാൻസുകമ്മിറ്റി വെച്ചു ശമ്പളപരിഷ്കരണം നടത്തിയപ്പോൾ ഒരു ഡിപ്പാർട്ട്മെണ്ടിൽ തന്റെ കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരോടു സ്നേഹമുള്ള ഒരു മേലുദ്യോഗസ്ഥനുണ്ടായിരുന്നു. അദ്ദേഹം ശക്തിയായി വാദിച്ചു തന്റെ ഡിപ്പാർട്ട്മെണ്ടിലുള്ളവർക്കു ൫൪ മുതൽ ൧൦൦ വരെയുള്ള ഗ്രേഡു് കൊടുക്കണമെന്നു്. ആ ഡിപ്പാർട്ട്മെണ്ടിന്റെ അദ്ധ്യക്ഷനു താക്കോൽസ്ഥാനത്തു സ്വാതന്ത്ര്യവുമുണ്ടായിരുന്നു. ഏതു നിലയിലായാലും ആ ഡിപ്പാർട്ട്മെണ്ടുകാരുടെ കായ്മ സാധിച്ചു. മറ്റു ഡിപ്പാർട്ട്മെണ്ടുകളിലെ ആളുകളെക്കുറിച്ചു പറയുവാൻ അതുകളിലെ മേലധികാരികൾക്കു സന്മനസ്സുണ്ടാകാതെയിരുന്നതുകൊണ്ടോ, അതോ ധൈര്യമില്ലാത്തതുകൊണ്ടോ, അതേ, "സർവ്വശക്തികളും എന്നിലുണ്ടു്, എന്റെ ഇഷ്ടംപോലെ ഞാൻ സാധിച്ചുകൊള്ളാം; ഗവമ്മെണ്ടു് എന്തെങ്കിലും ചെയ്തുകൊള്ളട്ടെ"! എന്നിങ്ങിനെയുള്ള അഹങ്കാരംകൊണ്ടോ ആരും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കു വേണ്ടി ഒന്നും വാദിച്ചില്ല. അതിനാൽ മറ്റു പല ഡിപ്പാർട്ട്മെണ്ടിലേയും കീഴ്ജീവനക്കാർ എന്നെന്നേക്കും കഷ്ടത അനുഭവിക്കേണ്ടിയും വന്നു.

അതുകൊണ്ടു ഗവമ്മെണ്ടിന്റെ കീഴിൽ ജോലിചെയ്യുന്നവരൊക്കെ ഒരച്ഛന്റെ മക്കളെ നോക്കണമെന്നുള്ള സന്മനസ്സു തോന്നി അവരെഒക്കെ ഒരേസ്കെയിലിൽ—ഒരു പരീക്ഷായോഗ്യതയുള്ളവരെ—നിയമിക്കണമെന്നു ഗവമ്മെണ്ടിനോടും, അതിനു വേണ്ട സഹകരണം ഈ നിയമസഭയിൽനിന്നുണ്ടാകണമെന്നു ബഹുമാനപ്പെട്ട മെമ്പറന്മാരോടും അപേക്ഷിച്ചുകൊണ്ടും ഞാൻ ഈ ഉപക്ഷേപം ഈ സഭമുമ്പാകെ വെച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഗുമസ്ഥന്മാരുടെ ഇടയിൽ അസംതൃപ്തി വളരുന്ന വരാതെയിരിക്കുന്നതിനും ഗുമസ്ഥന്മാരുടെ കായ്ക്ഷമത വർദ്ധിച്ചുവരാനും ഇതുപോലെയുള്ള ഒരു പരിഷ്കാരം അത്യാവശ്യമാണു്. ഇന്നു ഗുമസ്ഥന്മാരുടെ ഇടയിൽ ൫൪ രൂപാക്കാരുണ്ടു്. അയാളുടെ കുറ്റമല്ല അതിനുകാരണം. വേറൊരാളെ ൫൪ രൂപയ്ക്കു് നിയമിക്കുന്നതു അയാളുടെ നിർബ്ബന്ധപ്രകാരവുമല്ല. ഏതോ ഒരു നേരിയ ഭാഗ്യത്തിന്റെ കളികൊണ്ടു ചിലർ ഉയർന്ന ശമ്പളത്തിൽ പ്രവേശിക്കുന്നതിനും നിർഭാഗ്യവാന്മാരായ ചിലർ കുറഞ്ഞ ശമ്പളത്തിലും പ്രവേശിക്കുന്നതിനു് ഇടവരുന്നു. ചിലർ ആളുകുറഞ്ഞ കുറഞ്ഞ ശമ്പളത്തിൽ പ്രവേശിച്ചാലും കൂടുതൽ ശമ്പളത്തിൽ പ്രവേശിച്ചാലും കൂടുതൽ ശമ്പളത്തിലേയ്ക്കു കടക്കാൻ സാധിക്കും. ആ സൌകര്യം എല്ലാ ആപ്പീസ്സിലുമില്ല. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരെ, അവരുടെ പരീക്ഷായോഗ്യതക്കനുസരിച്ചു്, സ്റ്റാഫ്സെലക്ടർമാരെ ഇത്ര രൂപമുതൽ ഇത്ര രൂപാവരെ എന്നും, ബി. എ.ക്കാരെ ഇത്ര രൂപാമുതൽ ഇത്ര രൂപാവരെ എന്നും ഒരു നിശ്ചിതവ്യവസ്ഥ അനുസരിച്ചു് ഒരു ഐകരൂപ്യം വരുത്തി

LIBRARY ARCHIVES Kerala Legislative Assembly

വേണം നിയമിക്കുവാൻ. ഒരാൾ, അയാളുടെ കുറവു കൊണ്ടല്ലാതെ, ഒരു താഴ്ന്ന ഉദ്യോഗത്തിൽ പ്രവേശിക്കാൻ ഇട ആയി എന്നുവെച്ചു അദ്ദേഹത്തിനു് ന്യായമായി കിട്ടേണ്ട അവകാശം ഇല്ലാതെ ആക്കുന്നതു കഷ്ടമാണു്. നമ്മുടെ ഗവൺമേണ്ടിന്റെ വേലക്രമത്തിയെപ്പറ്റിയുള്ള അഭിപ്രായം വളരെ പഴഞ്ചനാണു്. ഒരു മനുഷ്യനു് അവന്റെ ശരീരപോഷണത്തിനു്, അവന്റെ സംസ്കാരത്തിന്റെ വളർച്ചയ്ക്കു്, വികസനത്തിനു് പര്യാപ്തമായ ശമ്പളം കൊടുക്കേണ്ടതു ഒരു പരിഷ്കൃത ഗവൺമേണ്ടിനു് ഒഴിച്ചുകൂടാത്ത ചുമതലയാണു്. പട്ടിണികൊണ്ടു് അഥവാ അർദ്ധപട്ടിണികൊണ്ടു് പണിയെടുക്കുന്ന ഗ്രാമസ്ഥന്മാരുടെ കായ്ക്ഷമത കുറഞ്ഞുപോയെങ്കിൽ അതു സ്റ്റാഫ് സെലക്ഷൻ ബോർഡിന്റേയോ മറ്റൊ അല്ലകുറ്റം, അവരുടെ ശമ്പളക്കുറവാണു് അതിനു് ഉത്തരവാദി.

അതുകൊണ്ടു് ഈ കായ്യം ഗവൺമേണ്ടു് ഉദാരമായാലോചിച്ചും പണം ഇല്ലെന്ന കാരണം പറയാൻ നിവൃത്തിയില്ലാത്ത ഈ അവസരത്തിൽ, ന്യായത്തിന്റെപേരിൽ, നീതിയുടെ പേരിൽ, മനുഷ്യനെ ജീവിക്കാൻ അനുവദിക്കണമെന്ന തത്വത്തിന്റെ പേരിൽ ഈ ഉപക്ഷേപം ഗവൺമേണ്ടു് അംഗീകരിക്കണമെന്നു് പറഞ്ഞുകൊണ്ടു ഞാൻ ഇതിനെ ശക്തിയായി അനുകൂലിക്കുന്നു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: സർ, പ്രജാമണ്ഡലം പാർട്ടിയുടെപേരിൽ ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. കുറച്ചുമുമ്പുതന്നെ അളവും തൂക്കവും ക്രമീകരിക്കേണ്ട ആവശ്യത്തെ പുരസ്കരിച്ചു നമ്മൾ സംസാരിച്ചു കഴിഞ്ഞു. ആ ക്രമീകരണം അത്യാവശ്യമാണെന്നു് സ്ഥാപിച്ചുകഴിഞ്ഞു. ഇനി മനുഷ്യന്റെ ആവശ്യങ്ങൾക്കു വേണ്ട ഉപാധികളും അതിന്റെ തോതുമാണു് നിശ്ചയിക്കേണ്ടതു്. ഒരേ ജോലിചെയ്യുന്നതിനു് നിയുക്തരും തുല്യയോഗ്യതയുള്ളവരും ആയ ആളുകൾക്കു വ്യത്യസ്തങ്ങളായ ശമ്പളം നിശ്ചയിക്കുക എന്നുള്ളതു ബുദ്ധിപൂർവ്വമായ പ്രവൃത്തി ആയിരിക്കുകയില്ല. ഈ ഉപക്ഷേപ കർത്താവു സാങ്കേതിക പരിശീലനം ഉള്ളവർക്കുമാത്രമായിരിക്കും കൂടുതൽ ശമ്പളം കൊടുക്കുന്നതെന്നു് പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ആ വിഷയത്തെക്കുറിച്ചു് ആലോചിക്കുകയാണെങ്കിൽ, നമ്മളുടെ ഗവൺമേണ്ടിന്റെ കണ്ണിൽ സാങ്കേതികപരിശീലനം അത്ര വിലയുള്ളതൊന്നുമല്ല. അഥവാ ഒരുപക്ഷെയെങ്കിലും അങ്ങിനെ പരിഗണിക്കുന്നുണ്ടെങ്കിൽ അതു അയാളെ അയോഗ്യതയിലേയ്ക്കാണു് തള്ളിനീക്കുന്നതു്. അപ്പോൾ ആ ന്യായം ഗവൺമേണ്ടു് കൊണ്ടുവരികയാണെങ്കിൽ തീച്ചയായും മറ്റു വിഷയങ്ങളെകുറിച്ചും നല്ലപോലെ ആലോചിക്കേണ്ടിവരും.

ഇപ്രകാരം ഒരു ക്രമീകരണ പദ്ധതി നമ്മൾ സ്വീകരിക്കുന്നതുകൊണ്ടു് ഇന്നു് നമ്മൾക്കു വലുതായ പണച്ചിലവൊന്നും വരാനില്ല. എല്ലാ ക്ലാർക്കന്മാരുടെയും ശമ്പളം ഒരു ദിവസം മുന്നിച്ചു ഒറ്റത്തോതിലാക്കണം എന്നല്ല ഇതിന്റെ പ്രധാന ഉദ്ദേശം. ഇതിനെ സംബന്ധിച്ചു ശരിയായ ഒരു പദ്ധതി സ്വീകരിച്ചു അതിന്റെ തത്വത്തിനനുസരിച്ചു ഏതു ഡിപ്പാർട്ടുമെണ്ടിൽ പ്രവേശിച്ചാലും വേണ്ടതില്ല അവനു പുരോഗതിക്കുള്ള മാർഗ്ഗം അവിടെ ഉണ്ടായിരിക്കണം. പിന്നെ ഇതുകൊണ്ടു് ഡിപ്പാർട്ടുമെണ്ടധ്യക്ഷന്മാർക്കും ശകാരം കേൾക്കുന്നതിൽ കുറച്ചു കുറവുണ്ടാകും എന്നാണു് എനിക്കു പറയുവാനുള്ളതു്.

ഡിപ്പാർട്ടുമെണ്ടധ്യക്ഷന്മാർ അവരവരുടെ ആപ്പീസ്സിലെ ക്ലാർക്കന്മാരുടെ ശമ്പളക്കൂടുതലിനുവേണ്ടി പയറ്റീട്ടുണ്ടെങ്കിൽ ഞാൻ തീച്ചയായും അതിനെ ആക്ഷേപിക്കുകയില്ല. ആ ക്കെങ്കിലും അതുകൊണ്ടു ഫലം സിദ്ധിച്ചിട്ടുണ്ടെങ്കിൽ അതു താക്കോൽ സ്ഥാനത്തു പിടിക്കാനുള്ള വശത കൊണ്ടായാലും വേണ്ടതില്ല, വേറെ വല്ലതുകൊണ്ടായാലും വേണ്ടതില്ല അതു നല്ലതുതന്നെ. എങ്ങിനെ ആയാലും എല്ലാ പേരുടേയും ശമ്പളം ഒരുപോലെ ആക്കേണ്ടതാണു്. ഈ ഉപക്ഷേപത്തെ ഞങ്ങളുടെ പാർട്ടിയുടെ പേരിൽ ഞാൻ പിന്താങ്ങുന്നു.

Mr. P. V. Raphael *(Comptroller of Finance and Accounts):* Sir, It is not correct to say that the pay of our clerks has not been standardised. A Special Finance Committee was appointed here in 1105 and based on the recommendations of that Committee the pay of our clerical staff has been standardised. The standardised pay of our clerks now is Rs. 25—40, Rs. 40—60, Rs 60—80 and Rs. 80—100 and so it is not correct to say that we have not standardised the pay of our clerks. It is true, Sir, we have got officers drawing less than Rs. 25—40, but they are attenders and apprentices and officers of that kind. The pay of the clerks as such has been standardised as long ago as 1105. By this I do not mean to say that the pay of the clerks as now obtaining in our State is adequate or sufficient.

Mr. P. Govinda Menon *(Ernakulam):* That is not the issue.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. V. Raphael *(Comptroller of Finance and Accounts):* No, that is not the issue. You have got to standardise their pay and Government's position so far as that question is concerned is that a further standardisation of the pay has to be considered when prices come to normal and when conditions also become normal.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* What is the name of standardisation if it has already been effected?

Mr. P. V. Raphael *(Comptroller of Finance and Accounts):* It was effected in 1105 and that is not considered sufficient. That is what I understand from the speeches of the Hon'ble Members who preceded me. I have understood that the pay as now obtaining is not adequate.

Mr. President: Order, order. I think the point which the Government have to answer on this debate is a charge of inequality of pay of clerks as between one department and another. That is the point.

Mr. P. V. Raphael *(Comptroller of Finance and Accounts):* If that is the only point I can straight away say that the only office where a different grade of pay has been given is my own office. Even there, Sir, I shall show from the budget before you that it is not correct to say that all our officers are paid a much higher pay than what is obtaining in other offices. Sir, we have got officers on Rs. 20 and officers on Rs. 15—20. These officers are called apprentices and clerical attenders and why some of my officers called auditors have been given a special grade by the Finance Committee of Rs. 25—100, is that my officers, by virtue of the provisions in our Account Code are not eligible for any promotion outside unlike the clerks in other offices. Before my officers who are starting on Rs. 15—20 and before they rise to an auditor's place on Rs. 25—100, in all probability they may have to wait for ten or twelve years because of this main reason that my officers are not by virtue of definite and specific provisions in the Account Code are not eligible for any promotion elsewhere. That was why the Special Finance Committee recommended such a grade. It was not because the then presiding head held any key position or any such thing. The then Finance Committee consisting of the representatives of this House presided over by a distinguished Member of this House considered this question and thought it fit that these officers though started on 15—20 as in many other offices and after waiting about a decade should be paid at least this grade of Rs. 25—100. I can submit for the information of this House that I have still got officers on Rs. 25—100 who have put in 25 years of service who are about to retire and whose names will come up for retirement in the next list. That is the position, Sir, with regard to officers of my department and there is nothing surprising that they have to be paid something distinct from what is obtaining in other offices.

Mr. V. R. Krishnan Ezhuthassan *(Urakam):* That inequality has to be removed.

Mr. P. V. Raphael *(Comptroller of Finance and Accounts):* You can remove it, of course very good. But any way the position is that and I submit that if it is purely a standardisation of pay to raise it to that of auditors in my department, this is not the time to consider it, because conditions are not just now normal. We have to consider the conditions also. If the Finance Committee thought fit to give my officers a distinct grade I think it was only fair towards them and I request that the House may be pleased.

Mr. P. Govinda Menon *(Ernakulam):* On a point of information, what the Hon'ble Member meant by further standardisation? He was going along with that line.

Mr. P. V. Raphael *(Comptroller of Finance and Accounts):* That was not the point at issue. What I meant was a further standardisation and improvement in the grades of pay. That was what I meant and that was what I understood also from all the speakers who preceded me.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, ബഹുമാനപ്പെട്ട ധനകാര്യമെമ്പർ പറഞ്ഞ മറുപടിയോട് മുഴുവനും യോജിക്കുവാൻ പ്രയാസമാണെന്നു കണ്ടതിൽ ഞാൻ വ്യസനിക്കുന്നു. എന്നാൽ സിവിൽലിസ്റ്റ് എടുത്തുനോക്കിയാൽ കാണാം കൺട്രോൾ ആഫീസിലെ ഗുമസ്ഥന്മാർക്കു പോലും മുതൽ ഫാറം തുപാവരെ ശമ്പളം ഉണ്ടെന്നു്. മറ്റൊരു ഡിപ്പാർട്ട്മെണ്ടിലും ഇങ്ങിനെ കാണുന്നില്ല. അതുപോലെ മറ്റെല്ലാ ഡിപ്പാർട്ട്മെണ്ടിലും ആക്കിത്തീർക്കണമെന്നാണു് ഈ കട്ട്മോഷന്റെ പ്രധാന തത്വം. സ്റ്റാൻഡർഡൈസു് (Standardise) ചെയ്യുവെന്നൊക്കെ പറയുന്നതു് അദ്ദേഹത്തിന്റെ ആഫീസിനെ സംബന്ധിച്ചിടത്തോളം ശരിയാണു്. അതേ തോതിൽ മറ്റുള്ളവക്കും ആക്കിത്തീർക്കുന്നതിനുള്ള തടസ്സം എന്താണെന്നു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പറയാതെ സാധനങ്ങളുടെ വില നോർമൽ ആകുമ്പോൾ ദയവുണ്ടായി ആലോചിക്കുമെന്നാണ് പറയുന്നത്. ദിവാൻ പ്രസിഡണ്ടിന് ഈ കാര്യം മനസ്സിലായിട്ടുണ്ട്; അടുത്ത അവസരത്തിൽതന്നെ അതു പരിഹരിക്കപ്പെടുമെന്നുള്ള പൂർണ്ണ വിശ്വാസത്തോടും, ധനകാര്യ മെമ്പറുടെ ഒഴിഞ്ഞുമാറാനുള്ള പ്രസംഗം മാത്രം വിശ്വസിച്ചുകൊണ്ട് പ്രവൃത്തിക്കുകയില്ലെന്നുള്ള വിശ്വാസത്തോടും കൂടി ഞാൻ ഇതു സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Cut Motion by leave withdrawn

CUT MOTION No. 2

Appointment of Depressed Classes Graduates in the Huzur Secretariat

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, അധഃകൃതരുടെ ഒരവകാശത്തെ ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. അധഃകൃതരിൽനിന്ന ഇതിന്നകം ബി. എ. പാസ്സായിട്ടുള്ളവർ അംഗുലീ പരിമിതമാണ്. അവർ എല്ലാപേരും ഉദ്യോഗാർത്ഥികളായി ഗവണ്മെണ്ടിന്റെ മുമ്പാകെ പെട്ടിട്ടുമില്ല. ബി. എ. പാസ്സായവരോട്—ഗവണ്മെണ്ടിന്റെ സഹായത്തോടുകൂടി പാസ്സായവരോട്—ഒരു സന്മനോഭാവം കാണിക്കണമെന്നാണ് ഞാൻ ഈ പ്രമേയം കൊണ്ട് അവശ്യപ്പെടുന്നത്. ഏതൊരാൾ ബി എ. ബിരുദധാരി ആയാലും, ഉദ്യോഗത്തിനു അപേക്ഷിച്ചു അവിടെ ഹുജൂർ കച്ചേരിയിൽ കയറിപ്പറ്റാൻ സാധാരണ ആഗ്രഹിക്കുക പതിവാണ്. കാരണം മറ്റു ഡിപ്പാർട്ട്മെൻറുകളെ അപേക്ഷിച്ചു അവിടെ ചില പ്രത്യേകതകളും ഉള്ളതുകൊണ്ടുതന്നെ. ബി. എ.കാരനല്ലാത്ത ഒരാൾക്കും അവിടെ കടക്കാൻ പാടില്ലാത്ത തരത്തിൽ അവിടത്തെ നിബന്ധനകളും മറ്റുള്ളവരുടെ മേൽ തുറിച്ചു നോക്കികൊണ്ടിരിക്കുന്നു. ആ സ്ഥിതിക്കു ബി. എ.കാരനായ ഒരാൾക്കു അവിടെ ഉദ്യോഗം കൊടുക്കുന്നതിനും, അങ്ങിനെ ഞങ്ങൾക്കും പ്രാതിനിദ്ധ്യം തരുന്നതിനും വാസ്തവത്തിൽ ഞങ്ങൾ പറയുന്നതിനു മുമ്പുതന്നെ ഗവണ്മെണ്ടു ആലോചിക്കേണ്ടതായിരുന്നു. സർ, ഷൺമുഖം ദിവാൻജി ആയിരുന്നപ്പോൾ ക്ഷേത്രപ്രവേശനത്തെ കുറിച്ച് അവശസമുദായങ്ങളുടെ ഒരു സമ്മേളനത്തിൽ അദ്ദേഹം അസന്നിശ്ധമായ ഭാഷയിൽ പറഞ്ഞതു "നിങ്ങൾക്കു ക്ഷേത്രപ്രവേശനത്തേക്കാൾ ഏറ്റവും ഉപകാരപ്രദമായിരിക്കുന്നതു ഹുസൂർ ക്ഷേത്രപ്രവേശനമാണു; നിങ്ങൾ ആദ്യം അതിനായി ശ്രമിക്കുക, അതു നിങ്ങൾക്കു ലഭിക്കാൻ കഴിഞ്ഞാൽ സാമുദായികമായ നിങ്ങളുടെ ഉയർച്ചക്കും, സാമ്പത്തികമായ ഉയർച്ചക്കും, അങ്ങിനെ മറെറല്ലാതരത്തിലുള്ള അവശതയിൽനിന്നുള്ള ഉയർച്ചക്കും സാദ്ധ്യമാണെന്നാണു"".

സർ, എന്നാൽ ഞങ്ങൾക്കു ഇന്നു ആ ക്ഷേത്രത്തിൽ പ്രവേശനം ഇല്ല. എങ്ങിനെയൊരാൾ ആ ക്ഷേത്രത്തിൽ അറിഞ്ഞോ അറിയാതേയൊ ഒന്നു കടന്നു. ഒരുമാസം കഴിഞ്ഞപ്പോൾ അയാൾ അവിടെനിന്നു—കൊച്ചിയുടെ തെക്കെ അറ്റത്തുനിന്നു വടക്കെ അറ്റത്ത്—ചിറ്റൂർ താലൂക്കിൽ വഴി തിരിഞ്ഞു തിരുവഴിയാടിൽ ഒരു തൊട്ടാവാടി സ്കൂളിലെ പി. ന. ടീച്ചറായി മാറുകയാണു ചെയ്തതു. പി. ന ടീച്ചർ എന്നു പറഞ്ഞാൽ ഏതു ശ്രുപ ശമ്പളം വാങ്ങി അല്പപ്പട്ടിണിക്കു ശീട്ടെടുത്തിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ എന്നാണു അർത്ഥം. എന്നാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ ഡയറക്ടരുടെ സ്നേഹമസ്സണമായ സന്മനോഭാവത്താൽ ആ വ്യക്തി ഒരു എൽ. ന ടീച്ചറായി അവിടെനിന്നു രക്ഷനേടി.

ഈഴവർ, വാലന്മാർ മുതലായ അവശ സമുദായങ്ങൾക്കു ഇന്നവിടെ ഹുജൂരിൽ പ്രാതിനിദ്ധ്യം അനുവദിച്ചു കൊടുക്കുന്നുണ്ട്. ഹുസൂർ ഒഴിച്ചു മറ്റുള്ള ആഫീസുകളിൽ ൨൫-൪൦ ഗ്രേഡിൽ പ്രവേശിക്കുന്ന ഒരാൾ അയാൾ മാക്സിമം ൪൦ ശ്രുപ വാങ്ങി അവിടെനിന്നു കയറാമില്ലാതെ അതിൽതന്നെ ഇരുന്നു നരച്ചു മൂത്തു പെൻഷൻ പറ്റുന്നു. എന്നാൽ അതേ അവസരത്തിൽ ഹുജൂരിൽ ൨൫ ശ്രുപയിൽ കടന്നുകൂടാനിടയായാൽ അയാൾ അതേകാലംകൊണ്ടു ൧൦൦ ശ്രുപയിൽ എന്നല്ല, ൧൦൦-൧൫൦ ഗ്രേഡുള്ള ഒരു സൂപ്രണ്ടായി പെൻഷൻ പറ്റും എന്ന കാര്യത്തിൽ സംശയമില്ല. ആ ക്ഷേത്രത്തിൽ ഉയർന്ന ഉദ്യോഗങ്ങളിൽ—താക്കോൽ സ്ഥാനങ്ങളിൽ—കയറിപ്പറ്റാൻ അടുത്തകാലത്തെങ്ങും ഞങ്ങൾക്കു സാദ്ധ്യമല്ല.

അതിനാൽ ഞങ്ങൾ—അധസ്ഥിതർ—ആവശ്യപ്പെടുന്നതു ഞങ്ങളിൽനിന്നു ഒരു ക്ലാക്കിനെ അവിടെ നിയമിക്കണമെന്നാണ്. അതു ഞങ്ങളുടെ ഏറ്റവും പരിമിതമായ ഒരവകാശം മാത്രമാണെന്നു ഞാൻ ഗവണ്മെണ്ടിനെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly